(ബി) എങ്കിൽ പ്രസ്തുത പാലം നിർമ്മാണത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) തിരൂരങ്ങാടി മണ്ഡലത്തിലെ കാടപുടി-പുത്തൂർ-പള്ളിക്കൽ റോഡിലെ പാത്തിക്കുഴി പാലം നിർമ്മിക്കുന്നതിന് 250 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് സർക്കാരിൽ ലഭിക്കുകയുണ്ടായി. ബജറ്റിൽ ആവശ്യമായ തുക വകയിരുത്തിയിട്ടാല്ലത്തതിനാൽ നടപ്പുവർഷം പ്രസ്തുത പാലത്തിന് ഭരണാനുമതി നൽകുവാൻ നിർവ്വാഹമില്ല.

അരൂർ മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ

225 (1953) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മരാമത്ത് വകുപ്പ് അരൂർ മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) തുറവൂർ-തൈക്കാട്ടുശ്ശേരി, നേരേകടവ്-മാക്കേക്കടവ് പാലങ്ങൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ദേശീയപാതയിലെ അരൂർ മുതൽ തുറവൂർ വരെ ഉപരിതലം പുതുക്കുന്ന പ്രവർത്തി പുരോഗമിച്ചുവരുന്നു. നിരത്തുകളും പാലങ്ങളും വിഭാഗവും കെട്ടിടവിഭാഗവും നടത്തിയ പ്രവർത്തികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2010-ലെ എസ്.ഒ.ആർ. പ്രകാരം തുറവൂർ തൈക്കാട്ടുശ്ശേരി പാലത്തിന് ഏകദേശം 40 കോടി രൂപയും നേരെകടവ് മാക്കേക്കടവ് പാലത്തിന് 70 കോടിരൂപയും ചെലവുവരും. ഈ രണ്ട് പാലങ്ങൾക്കും ഭരണാനുമതി നല്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ കൈക്കൊള്ളുന്നതാണ്.

തിരൂരങ്ങാടി മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

226 (1954) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാന്ദ്യവിരുദ്ധ പാക്കേജിൽപ്പെടുത്തിയ തിരൂരങ്ങാടി മണ്ഡലത്തിലെ തേഞ്ഞിപ്പാലം-വള്ളിക്കുന്ന് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന മാനാപ്പുഴ പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏതുവരെയായി ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയോ ;

(സി) പ്രസ്തുത പണി എന്നേക്ക് ടെണ്ടർ ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ ;

(ഡി) മാന്ദ്യവിരുദ്ധ പാക്കേജിൽപ്പെട്ട പെരുന്തുരുത്തിക്കടവ് പാലത്തിന്റെ നിർമ്മാണപ്രവൃത്തി ഏതുവരെയായി ;

(ഇ) ഈ പ്രവൃത്തിയുടെ നടത്തിപ്പിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ;

(എഫ്) ചീർപ്പിങ്ങൽ പൂരപ്പറമ്പ് ലോക്ക് പരപ്പനങ്ങാടി പാലത്തിന്റെ പ്രവൃത്തിയുടെ പുരോഗതി ഏതുവരെയായി ; വിശദാംശങ്ങൾ നൽകുമോ ;

(ജി) പ്രവൃത്തി നിർത്തിവച്ചിരുന്ന കാര്യാട്ട്കടവ് പാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ; വിശദമാക്കുമോ ?

ഉത്തരം

(എ) മാതാപ്പുഴ പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ദർഘാസ് ക്ഷണിക്കുന്ന ഘട്ടം വരെയായി.

(ബി) നൽകി.

(സി) ടെണ്ടർ സ്വീകരിക്കുന്ന അവസാനദിവസം 10-3-2011 ആയി നിശ്ചയിച്ച് ടെണ്ടർ ക്ഷണിച്ചുകഴിഞ്ഞു.

(ഡി&ഇ) പെരുന്തുരുത്തിക്കടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചു.

(എഫ്) ചീർപ്പിങ്ങൽ പൂരപ്പറമ്പ് ലോക്ക് പരപ്പനങ്ങാടി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചു. ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(ജി) കാര്യാട്ട്കടവ് പാലത്തിന്റെ ബാലൻസ് വർക്കിന് 860 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള പരിശോധന നടന്നുവരുന്നു.

വാടപ്പൊഴി പാലം നിർമ്മാണം

227 (1955) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിലെ തീരദേശ പ്രദേശത്തിന്റെ വികസനത്തിനായി നിർദ്ദേശിക്കപ്പെട്ട വാടപ്പൊഴി പാലം നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ ;

(ബി) ടെണ്ടർ നടപടിക്രമം പൂർത്തീകരിച്ച് എഗ്രിമെന്റ് വച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് എഗ്രിമെന്റ് വയ്ക്കാനാകുമെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly